# INTERNATIONAL INDIAN SCHOOL RIYADH

**Post Box No. 89788, Riyadh 11692 (KSA)**

**SUMMATIVE ASSESMENT - I MOCK EXAMINATION**

**SEPTEMBER - 2015**

**CLASS IX**

**MALAYALAM**

**TIME : 3 HOURS** **MAX. MARKS: 90**

| This question Paper will be divided in to FOUR sections; | | | |
|---|---|---|---|
| Section A: | Reading Comprehension | - | 10 Marks |
| Section B: | Writing | - | 20 Marks |
| Section C: | Grammar | - | 12 Marks |
| Section D: | Literature | - | 48 Marks |

മ

## എ. വിഭാഗം (10 MARKS)

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5 x 2 = 10)

ശരിയായ സൗഖ്യമുണ്ടാക്കുവാൻ പണത്തിനും പദവിക്കും സാധിക്കുകയില്ല. കളങ്കമില്ലാത്ത മനസ്സാക്ഷിക്കു മാത്രമേ കഴിയുകയുള്ളൂ. കപ്പിത്താന്റെ കാന്ത സൂചി പോലെയാണ് മനുഷ്യന്റെ മനസാക്ഷി. ആ സൂചി കാണിക്കുന്ന വഴിയിൽക്കൂടി കപ്പലിനെ നിയന്ത്രിച്ചാൽ ആപത്തൊ ന്നുമില്ല. അത് തെറ്റിപ്പോകുമ്പോഴാണ് അപകടത്തിൽ ചെന്ന് ചാടുന്നത്. മനസാക്ഷിയുടെ വെളിച്ചത്തിൽ കൂടെ പോകുമ്പോൾ യാതൊന്നും ഭയപ്പെടാനില്ല. അതിനെ അവഗണിക്കുമ്പോൾ ആപത്തും അപമാനവും വന്നു ചേരുന്നു. കൊട്ടാരത്തിൽ വസിക്കുന്നവനായാലും കുടിലിൽ പർക്കുന്നവനായാലും കോടീശ്വരനായാലും പിച്ചക്കാരനായാലും മനസ്സാക്ഷിയെ വഞ്ചിക്കാതെ നേർവഴിക്കു നടന്നാൽ സുഖവും സമാധാനവും അവരുടെതാണ്. ജാഗ്രതയുള്ള കാവൽക്കാരൻ, വിവേകമുള്ള സുഹൃത്ത്, വിശ്വസിക്കാവുന്ന മാർഗദർശി , വിവരമുള്ള ഉപദേഷ്ടാവ് അതാണ് അവരുടെ മനസ്സാക്ഷി.

1. ശരിയായ സൗഖ്യം നൽകുന്നത് എന്താണ്?
2. മനുഷ്യന്റെ മനസ്സാക്ഷിയെ കപ്പിത്താന്റെ കന്തസൂചിയോട് ഉപമിച്ചിരിക്കുന്നത് എന്തുകൊണ്ട്?



M-15-1

3. സുഖവും സമാധാനവും വന്നു ചേരുന്നത് എപ്പോൾ ?
4. എപ്പോഴാണ് ആപത്തും അപമാനവും വന്നു ചേരുന്നത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നല്കുക?

## ബി. വിഭാഗം (20 MARKS)

II. 1. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തി ൽ കവിയാതെ ഉപന്യസിക്കുക (7)

പരിസര മലിനീകരണം

OR

വൃദ്ധസദനങ്ങൾ അനിവാര്യമോ?
നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

OR

മത സൗഹർദ്ദതയുടെ ആവശ്യകത

1 നിങ്ങളുടെ സ്കൂളിന്റെ ഭൗതികാവശ്യങ്ങൾ വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപക - രക്ഷാകർത്തൃ സമിതി പ്രസിഡ ന്റിന് സ്കൂൾ ലീഡറായ നിങ്ങൾ ഒരു കത്തെഴുതുക. (8)

2 ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക. (ഒരെണ്ണം) (3)

"പരോപകാരാർഥമിദം ശരീരം"

OR

"വിത്തമെന്തിന് മർത്ത്യർക്കു
വിദ്യ കൈവശമാവുകിൽ"

3. വാക്യത്തിൽ പ്രയോഗിക്കുക (2)

1. പാർശ്വവല്ക്കരിക്കുക
2. തകിടം മറിയുക



M-15-2